നെയ്യാറിൻകര താലൂക്കിലെ ഹോംസെയിൽ ഡിപ്പോകൾ

193 [245] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറിൻകര താലൂക്കിൽ ഇപ്പോൾ എത്ര റേഷൻ ഹോംസെയിൽ ഡിപ്പോകൾ ഉണ്ട് ;

(ബി) ഇവിടെ കൂടുതൽ ഡിപ്പോകൾ അനുവദിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ എടുത്തു ;

(സി) പുതിയ ഡിപ്പോകൾ എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനു കാലതാമസം വരുന്നതിന്റെ കാരണമെന്താണ് ?

ഉത്തരം

(എ) 9 എണ്ണം.

(ബി) കാരോട് പഞ്ചായത്തിൽപ്പെട്ട പ്ലാമൂട്ടുകട എന്ന സ്ഥലത്ത് ഒരു പുതിയ ഹോംസെയിൽ ഡിപ്പോ തുടങ്ങാൻ സർക്കാർ അനുമതി നൽകുകയും അതനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ അപേക്ഷ ക്ഷണിക്കുകയും അപേക്ഷകരെ ഇൻറർവ്യൂ നടത്തുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്.

(സി) ജില്ലാകളക്ടർ നടപടികൾ പൂർത്തിയാക്കി തിരുമാനമെടുക്കുന്ന മുറയ്ക്ക് പുതിയ ഡിപ്പോ നിലവിൽ വരുന്നതാണ്.

എഫ്. സി. ഐ. ഡിപ്പോകൾ

194 [246] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എഫ്. സി. ഐ. യുടെ ഉടമസ്ഥതയിലുള്ള എത്ര ഭക്ഷ്യധാന്യ ഹോംസെയിൽ ഡിപ്പോകൾ നിലവിലുണ്ട് ;

(ബി) ഈ ഡിപ്പോകളുടെ പ്രവർത്തനം നിറുത്തിവയ്ക്കാൻ പോകുന്നതായി അറിവുണ്ടോ ;

(സി) എഫ്. സി. ഐ. യുടെ ഹോംസെയിൽ ഡിപ്പോകൾ സ്വകാര്യ വ്യക്തികൾക്ക് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ഡിപ്പോകൾ ;

(ഇ) സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്ന നടപടി റദ്ദാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) എഫ്. സി. ഐ. ഉടമസ്ഥതയിൽ കേരളത്തിൽ ഇപ്പോൾ 18 മെയിൻ ഡിപ്പോകളും 21 സബ് ഡിപ്പോകളും നിലവിലുണ്ട്.

(ബി) ജില്ലാ ആസ്ഥാന താലൂക്കുകളിൽ എഫ്. സി. ഐ. നടത്തുന്ന ഭക്ഷ്യധാന്യ സബ് ഡിപ്പോകളിൽനിന്നും റീട്ടെയിൽ വ്യാപാരികൾക്കുള്ള ഭക്ഷ്യ സാധനങ്ങളുടെ വിതരണം തുടർന്നു നടത്താൻ എഫ്. സി. ഐ. ക്ക് നിർവ്വാഹമില്ല എന്ന് പലപ്രാവശ്യം അറിയിച്ചിരുന്നു. ഇതിനെ തുടർന്ന് ബദൽ ഏർപ്പാടുകൾ നടത്താനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചുവരുന്നു.

(സി) കൈമാറിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly